ഭരണഭാഷ-മാതൃഭാഷ

നമ്പർ.400467/GGGR08/GPO/2025/1179/(1)

ഉദയനാപുരം ഗ്രാമ പഞ്ചായത്ത് ആഫീസ്
ഉദയനാപുരം
പടിഞ്ഞാറേക്കര.പി.ഒ
കോട്ടയം
04829222253(L) | 9496044613(M)
udayanapurampanchayat@gmail.com

തീയതി : 18/03/2025

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

ബഹു. ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ് , കോട്ടയം

സർ,

വിഷയം:- അദാലത്തുകൾ ഹർജികൾ - റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- അങ്ങയുടെ 14.03.2025 ലെ LSGD/JD/KTM /4399/2024-D3 നമ്പർ കത്ത്..

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്തില് 6/379 A നമ്പർ കെട്ടിടം 1998 കാലഘട്ടത്തില് തന്നെ നമ്പർ ലഭിച്ചിട്ടുള്ള കെട്ടിടമായിരുന്നുവെന്നും അന്ന് ആ കെട്ടിടത്തിൻറെ നമ്പർ (പഴയത്) 7/79 A എന്നായിരുന്നുവെന്നും അന്നു തന്നെ ഈ കെട്ടിടത്തിന് ഇന്നത്തെ വിസ്തീർണ്ണമായ 73.47 ച.മി വിസ്തീര്ണ്ണമുണ്ടായിരുന്നുവെന്നും പിന്നീട് പഞ്ചായത്തിൽ സഞ്ചയ ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലം( പഴയ നമ്പർ 7/379 A ) പുതിയ നമ്പര് 6/379 A എന്ന് നല്കിയിട്ടുള്ളതുമാണന്ന് കാണിച്ചാണ് ശ്രീ. പ്രസന്നൻ , പ്രശാന്തി എന്നയാൾ ബഹു. ജില്ലാ അദാലത്തിൽ പരാതി നല്കിയിരുന്നത്.

ടി പരാതിയിൽ സ്ഥലപരിശോധന നടത്തി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണന്ന് 14/02/2025 തിയതിയിലെ അദാലത്തിൽ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 17/02/2025 തിയതി സ്ഥല പരിശോധന നടത്തിയതിൽ ഈ കെട്ടിടത്തിൽ 7/79 A എന്ന പഴയ നമ്പർ പതിപ്പിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ ടിയാൾ അപേക്ഷയൊടൊപ്പം സമർപ്പിച്ചിട്ടുള്ള A5-101/09-10 dated 07/08/2009 നമ്പരായുള്ളയും ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയിട്ടുള്ളതുമായ കടമുറി ലൈസൻസ് രേഖ പരിശോധിച്ചതിൽ 7/79 A നമ്പര് കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതായും ബോധ്യമായിട്ടുണ്ട്. കൂടാതെ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള 09/06/2003 ലെ ധനനിശ്ചയാധാര പ്രകാരം ടി കെട്ടിടത്തിന് 7/79 A എന്ന നമ്പര് ഉള്ളതായി ബോധ്യമായിട്ടുണ്ട്. ആയതിനാൽ നിലവിലെ കെട്ടിട നമ്പർ ആയ 6/379 A പഴയ നമ്പര് 7/79 A എന്നാക്കി നല്കിയും കെട്ടിടത്തിന് വിസ്തീർണ്ണം 13 ച.മി എന്നത് സഞ്ചയ പ്യൂരിഫിക്കേഷൻ വഴി താഴത്തെ നില-28.21 ച.മി ( കെട്ടിട നമ്പർ - 6/379 A - പഴയ നമ്പർ 7/79 A ) എന്നും മുകളിലത്തെ നില - 45.26 ( കെട്ടിട നമ്പര് - 6/379 B ) എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നത് വാർഡ് ക്ലാര്ക്കിനെ ചുമതലപ്പെടുത്തിയും കൂടാതെ ഈ കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം SC1-2520/2024 തിയതിയിലെ 29/05/2024 നമ്പര് അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീ. പുഷ്കരന് പി.റ്റി , പേരയിൽ , വൈക്കം പിഒ - ശരത്. റ്റി.യു, തെക്കേപ്പുരയില് , വൈക്കം പി ഒ, എന്നിവരുടെ പേരിലേക്ക് മാറ്റി നല്കുന്നതിനും ഉത്തരവായിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ സഞ്ചയ പരിശോധിച്ചതിൽ 6/379 A എന്ന കെട്ടിടത്തിൻറെ പഴയ കെട്ടിട നമ്പർ ആണ് എന്ന് ബോധ്യമായിട്ടുള്ള 7/79 A എന്നത് മനോഹരൻ , മനയ്ക്കൽ എന്നയാളുടെതാണെന്ന് കാണുന്നതിനാൽ സഞ്ചയ രേഖകൾ പ്രകാരം 6/379 A യുടെ നിലവിലെ പഴയ കെട്ടിട നമ്പരായ 7/379 A തന്നെ നല്കുകയാണ് ചെയ്തത്. കൂടാതെ മുകളിലത്തെ നിലക്ക് പഴയ കെട്ടിട നമ്പർ ഇല്ലാത്തതിനാൽ New form 6 വഴി 6/379 B എന്ന നമ്പർ നല്കുകയും ചെയതിട്ടുണ്ട്. ആയത് പ്രകാരം ടിയാൾ രണ്ടു കെട്ടിടങ്ങളുടെയും നികുതി അടവാക്കുകയും ചെയ്തിട്ടുള്ളതാണെന്ന വിവരം അങ്ങയുടെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Rajesh Jose S
Date: 2025.03.18 13:12:07 IST
Reason: ILGMS Govt. of Kerala

രാജേഷ് ജോസ് എസ്

സെക്രട്ടറി